# മഞ്ചപ്പട്ടിത്താഴ്‌വരയുടെ മഴനിഴൽ പ്രകൃതിയിൽ

എൻ.എ.നസീർ

കഴിഞ്ഞലക്കം തുടർച്ച

അക്കാലത്ത് കാട്ടുപോത്തുകളെ ബാധിച്ച ഒരു രോഗബാധയിൽ അവ വംശനാശം വന്നുകാണുമെന്ന നിഗമനത്തിൽ അദ്ദേഹം മടങ്ങി.
2000-ൽ വി. ആങ്കിത് എന്ന വനഗവേഷണ തല്പരനായ അഭിഭാഷകൻ ചില വനപാലകരോടൊപ്പം ചിന്നാറിൽ വച്ച് വെള്ളക്കാട്ടുപോത്തിനെകണ്ടതായി ബി. എൻ. എച്ച്. എസിൽ റിപ്പോർട്ട് ചെയ്തു. ആ കണ്ടെത്തലിന്റെ തെളിവായി അത്രക്കൊന്നും വ്യക്തയില്ലാത്ത ഒരു ചിത്രം പത്രത്തിൽ വരികയും ഉണ്ടായി.
വിദേശിയും സ്വദേശിയുമായ ധ്വാരമാരുടെ കണ്ടെത്തലുകളെ ഗവേഷണം എന്നു പറയും. ആദിവാസികൾ നിത്യം കാണുന്ന കാര്യങ്ങളാണെന്ന കാര്യം വേറെ. ചിന്നാർ കാടുകളെ ഉപജീവിച്ചു കഴിയുന്ന ഹിൽ പുലയർ വെള്ളക്കാട്ടുപോത്തിനെഅവരുടെ പ്രാചീനസംസ്കാരങ്ങളുമായി ചേർത്താു വച്ചിരുന്നു. അവരതിനെ'സെവലൈ' എന്നായിരുന്നു വിളിച്ചുപോന്നിരുന്നത്.

ഇ. ആർ.സി. ഡാവിസാറിന്റെ മകനും കാടിന്റെ ഓരോസ്പന്ദനവും സ്വന്തം ഹൃദയത്തിൽ കൊണ്ടു നടക്കുന്ന എനിക്കു ആദരണീയനായ മാർക്ക് ഡാവിസാറാണ് പതിനഞ്ചു വർഷം മുമ്പ് എന്റെ ശ്രദ്ധയെ വെള്ളക്കാട്ടുപോത്തിലേക്ക് ക്ഷണിക്കുന്നത്. 2004-ൽ ഇരവികുളം നാഷണൽ പാർക്കിന്റെ വൈൽഡ് ലൈഫ് വാർഡായ ജയിംസ് സഖറിയാസിന്റെ ക്ഷണപ്രകാരം വെള്ളക്കാട്ടുപോത്തിനെകണ്ടെത്തുന്നതിന് ഞാൻ അവിടെ എത്തി. (രാപകലില്ലാതെ കാടും മേടും കയറി ഇറങ്ങി കാടിന്റെ ഇത്തരം അപൂർവ്വതകളെ സൂക്ഷ്മനിരീക്ഷണങ്ങൾക്ക് വിധേയനാകുന്ന വനം വകുപ്പിലെ വംശനാശഭീഷണി നേരിടുന്ന വിരലിലെണ്ണാവുന്ന ഉദ്യോഗസ്ഥരിൽ ഒരാളാണദ്ദേഹം.) ചിന്നാർ കാടുകളിലൂടെ സഞ്ചരിച്ച് വെള്ളക്കാട്ടുപോത്തിനെകണ്ടെത്തുകയും ക്യാമറിയിൽ വ്യക്തമായി പകർത്താൻ കഴിഞ്ഞ സഫലമായ ആ യാത്ര മഞ്ചപ്പെട്ടി താഴ്‌വര നല്കിയ അസാധാരണമായ അനുഭവങ്ങളാണ് ഒരു വട്ടംകൂടി എന്നെയിവിടെയെത്തിച്ചിരിക്കുന്നത്.
'മാഷേ, മിനിയാന്നു വശികപ്പാറയ്ക്കു താഴെ വെള്ളപ്പോത്തിനെകണ്ടതായി വിജയനും ശിവകുമാറും പറഞ്ഞു." സിബി എന്നെ ഓർമ്മിപ്പിച്ചു. 1999-ൽ മഞ്ചപ്പെടിയിൽ പൂർണ്ണവളർച്ച എത്തിയ ഒരു വെള്ളക്കാട്ടുപോത്തിനെകാണാൻ ഭാഗ്യമുണ്ടായ ാളാണ് സിബി. വെള്ളപോത്തിന്റെ ചിത്രം എടുത്ത ആളന്ന നിലയിലാണ് ഞാൻ സിബിക്ക് പ്രിയങ്കരനാവുന്നത്. പത്രവാർത്ത വന്നതിന്റെ പിന്നാലെ അയാളുടെ സ്നേഹം എന്നെത്തേടിവന്നു. ചിന്നാറിലെ ഫോറസ്റ്റ് വാച്ചർമാരായ ശിവകുമാറും വിജയനുമാകട്ടെ, ഞാനെപ്പോഴൊക്കെ ആ താഴ്‌വരയിലേക്കിറങ്ങിയിട്ടുണ്ടോ, അപ്പോഴൊക്കെ എന്റെ വിശ്വസ്തരായ വഴികാട്ടികളായിരുന്നു.
"നമുക്ക് വശികപ്പാറയിലേക്ക് പുറപ്പെടാം സാർ?" ഒരു ക്ലാസ് കട്ടൻ കാപ്പിയുമായി വിജയൻ എന്നെ സമീപിച്ചു.
പുഴയിൽ വീണ പൂർണ്ണചന്ദ്രനിൽ അഭിരമിച്ചുകൊണ്ട് ഞങ്ങളാപ്പാറ പുറത്തു താനെകിടന്നു. ഈ രാത്രി ഇവിടമാണ് ഞങ്ങളുടെ ഇൻസ്ചെയിൻ ബംഗ്ലാവ്. ആനചൂരടിക്കുന്ന ഈ തുറന്ന കാട്. നക്ഷത്രങ്ങൾ ദീപവിതാനം ചെയ്യുന്ന ഈ തുറന്ന ആകാശം. ഇതൊക്കെ വി. ഐ.പികളായ ഫോട്ടോഗ്രാഫർമാർക്കും ഗവേഷകർക്കും അന്യമാണ്. അവർ ഇരവികുളം നാഷണൽ പാർക്കിന്റെ കുളിരിൽ, ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ സുരക്ഷിതമായ മുറികളിൽ കാടിനെക്കുറിച്ചും കാട്ടുമൃഗങ്ങളെക്കുറിച്ചും ഗവേഷിക്കട്ടെ. പത്രമാസികകളിൽ പ്രബന്ധ രചനനിർവ്വഹിക്കട്ടെ.
പുഴയോരത്ത് അടുപ്പുകൂട്ടി ഞങ്ങൾ കാന്തിവച്ചു കുടിച്ചു. വയറും മനസ്സും നിറഞ്ഞ് പാറപ്പുറത്ത്, പുഴയുടെ താരാട്ടു കേട്ടുറങ്ങി. ഓരോ പുഴക്കും ഓരോ താരാട്ടു പാട്ടാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്. അതാ പുഴയുടെ സംസ്കൃതികൂടിയാണ്. കഴിഞ്ഞയാഴ്ച വാഴച്ചാലിൽ നില്ക്കുമ്പോൾ ഞാൻ കേട്ട് ചാലക്കുടിപ്പുഴയുടെ തറവാട്ടിന് കരച്ചിലിന്റെ ഈണമായിരുന്നു.
ആറ് അണക്കെട്ടുകൾ പലേടത്തായി ബന്ധിച്ചിട്ട ഒരു പുഴയുടെ നിലവിളി അതിരപ്പിള്ളി അണക്കെട്ടുകൂടി യാഥാർത്ഥ്യമായാൽ നിലവിളികൾ പോലും ബാക്കിയാവാതെ ഒരു പുഴ അന്ത്യശ്വാസം വലിച്ചേക്കാം.
പുഴയോരക്കാടുകളിലൂടെ പ്രകൃതിസഹവാസത്തിനെത്തിയ ഒരു സംഘം കുട്ടികൾക്കൊപ്പമായിരുനനു ഞാൻ. ആരൊക്കെയോ ആ കുട്ടികൾക്കു ക്ലാസ്സെടുക്കുന്നുണ്ടായിരുന്നു. സ്ഥിതിവിവരകണക്കുകളുടേയും ശാസ്ത്രനാമങ്ങളുടേയും ബാഹുല്യത്തിനിടയിൽ അവർ അസ്വസ്ഥരായി കാണപ്പെട്ടു. ക്ലാസ്സുമുറികൾ മടുത്ത് കാട്ടിൽ വന്നവർക്ക് കാട്ടിലും ക്ലാസ്സുതന്നെ. പടപേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തംകൊളുത്തിപ്പട എന്നു പറഞ്ഞപോലെ. പ്രകൃതിയോടും ലോകത്തോടുതന്നെയും മടുപ്പു ജനിപ്പിക്കുന്ന ഇത്തരം ക്ലാസ്സുകളുമായി അരങ്ങു തകർക്കുകയാണ്. പരിസ്ഥിതിരംഗത്തെ അപ്പോസ്തലന്മാർ.
കാടു കാണുവാൻ വരുന്ന കുട്ടികളോട് സ്ഥിതിവിവരണകണക്കുകളും ശാസ്ത്രനാമവുമല്ല പറയേണ്ടുന്നത്. നാം അവർക്ക് വഴികാട്ടികളായാൽ മാത്ര മതി. അവർ നഗ്നപാദരായി പുഴയിലിറങ്ങട്ടെ. വൻ മരങ്ങളെ കെട്ടിപുണരട്ടെ. വള്ളികളിൽ ഊഞ്ഞാലാടട്ടെ. അങ്ങനെകാടിന്റെ മഹാമൗനങ്ങളുടെ ഘനസൗന്ദര്യം അവർ തിരിച്ചറിയട്ടെ.
പാമ്പാറിന്റെ താരാട്ടുകേട്ട്, ഏതൊക്കെയോ ഓർമ്മകളിൽ സ്വയം നഷ്ടപ്പെട്ട് എപ്പോഴോ ഞാനുറങ്ങി. മുഖത്തേയ്ക്കു ഇറ്റു വീണ ഒരു മഞ്ഞുതുള്ളി എന്നെ ഉണർത്തുമ്പോൾ, കാടാകെ ചന്ദ്രപ്രഭയിൽ മുങ്ങിനില്ക്കുകയാണ്. മൂടൽ മഞ്ഞിന്റെ തിരശ്ശീല നീക്കി പതുക്കെ നേരം പുലരുകയാണ്. സിബിയും ശിവകുമാറും വിജയനും ഉണർന്നു കഴിഞ്ഞു. ഞങ്ങളൊരു ചായ ഉണ്ടാക്കുവാൻ തീരുമാനിച്ചു. കുഞ്ഞിക്കലവുമായി പുഴയിലിറങ്ങിയപ്പോൾ, പാദത്തിൽ ഒരു ഹിമപാളി ഉരസിയതായി തോന്നി. മനസ്സ് ഹിമാലയസാനുക്കളിലെ ഗോമുഖത്തിനും അപ്പുറത്തെ തപോവനത്തിലേക്ക് പോയി. അവിടെ ഒരു ഗുഹയിൽ ധ്യാനനിമഗ്നനായിരിക്കുന്ന ബംഗാളി ബാബ. അദ്ദേഹത്തിന്റെ പ്രകാശ വലയത്തിൽ കഴിഞ്ഞ ദിനരാത്രങ്ങൾ. പിന്നെ ആ സന്യാസിവര്യൻ എന്നെ തിരഞ്ഞ് എന്റെ ഗ്രാമത്തിലേക്ക് പള്ളിപുറത്തേക്ക് വന്നത്.... അങ്ങനെഒരു പിടി ഓർമ്മകൾ.
പുഴയിൽ നിന്നു ഈറനോടെ പാറപ്പുറത്തേക്കു കയറിയപ്പോൾ, പഠിച്ച ആയോധനകലകളുടെ പാഠങ്ങൾ മനസ്സിലേക്ക് വന്നു. ഒട്ടുനേരം ധ്യാനത്തിലാണ്ടു. ഇലകൾ പൊഴിയുന്നത്, ഭൂമിയുടെ സിരകളിലൂടെ ജലം ഊർന്നു പായുന്നത് ഒക്കെ എനിക്കു

കേൾക്കാം.
കണ്ണു തുറന്നപ്പോൾ പക്ഷികളുടെ കച്ചേരി. വെയിൽ നേർത്തചൂടോടെ പരന്നു വരുന്നതനുസരിച്ച് കാടിന്റെ സംഗീതം മാറിക്കൊണ്ടിരുന്നു. ഞങ്ങൾ ബാഗുകൾ ചുമലിൽതൂക്കി ശിവകുമാറിന്റെ വീട്ടിലേക്ക് നടക്കുകയാണ്. ചമ്പക്കാട് ആദിവാസികോളനിയിലാണ് വീട്. ഉപ്പുമാവും കട്ടൻ ചായയും കഴിച്ചുകൊണ്ടിരിക്കെ ശിവകുമാറിന്റെ അച്ഛൻ കയറിവന്നു.
ശശി എന്ന ഈ മനുഷ്യനെമുൻപേ എനിക്കറിയാം. 2000-ൽ അദ്ദേഹം ചിന്നാറിലെ വാച്ചരായിരുന്നു. അക്കാലത്ത് അയാൾ കാട്ടിൽ പോകുമ്പോൾ ചിന്നാർ ചെക്ക്പോസ്റ്റിനുസമീപം ചായക്കട നടത്തിയിരുന്ന ഷാജിയുടെ കൂടെ പോകുമായിരുന്നു. പലവട്ടം അവർ വെള്ളക്കാട്ടുപോത്തിനെകണ്ടു. കണ്ടപ്പോഴൊക്കെ അത് ചെക്ക്പോസ്റ്റിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. അക്കാലത്ത് ചിന്നാറിൽ എന്തൊക്കെയോ ഗവേഷണത്തിലേർപ്പെട്ടിരുന്ന ഒരാളും ചില വനം വകുപ്പ് ഉദ്യോഗസ്ഥരും ഒരു ഓട്ടോഫോക്കസ് ക്യാമറ ശശിയെ എൽപ്പിച്ചു. ഇനി വെള്ളക്കാട്ടുപോത്തിനെകണ്ടാൽ ഫോട്ടോ എടുക്കണമെന്നായിരുന്നു നിർദ്ദേശം. ശശി പിന്നീട് കാടിറങ്ങിവന്നത്, എൽപ്പിച്ച ക്യാമറയിൽ വെള്ളപ്പോത്തിന്റെ ചിത്രവും പകർത്തിയിരുന്നു. അത്ര അടുത്ത് നിന്ന് എടുത്തതെങ്കിലും അത് അമൂല്യമായിരുന്നു ഗവേഷകർക്കും കൂട്ടർക്കും.
ഞാൻ രണ്ടാമതൊരു വെള്ളപ്പോത്തിന്റെ ചിത്രം എടുക്കുവാനുള്ള അലച്ചിലിലാണെന്നറിഞ്ഞപ്പോൾ പഴയ ദുരനുഭവം ഓർത്തെടുക്കുകയായിരുന്നു അയാൾ. അയാളെടുത്ത ആ വെള്ളപ്പോത്തിന്റെ ചിത്രം പിന്നീട് ഗവേഷകന്റെയും കൂട്ടുകാരുടേയും കണ്ടെത്തലായി പത്രങ്ങളിൽ വന്നു എന്ന് ആരൊക്കെയോ ശശിയോട് പറഞ്ഞത്രെ.
'വിഷമമോ, ദേഷ്യമോ തോന്നിയത് അപ്പോൾ?" ഞാൻ ശശിയോട് ചോദിച്ചു.
അയാൾ മന്ദഹസിച്ചു. "ഈ കാട്ടിൽ, വെള്ളംപോലും കുടിക്കാൻ കിട്ടാതെ പോത്തിനെതേടി നടക്കാൻ അവർക്കു കഴിയുമോ സാർ. ഈ കാട്ടിൽ കഷ്ടപ്പെടുവാനുള്ള ബുദ്ധിമുട്ടുകൊണ്ടാവും. സാറന്മാർ ആ ജോലി ഞങ്ങളെ എല്പിച്ചത്."
"കൊള്ളാം, നല്ല ഗവേഷണം! സിബി പറഞ്ഞു.
ഞങ്ങൾ യാത്ര തുടരുകയാണ്. ഇരുപത് ലാറ്ററിന്റെ ഒരു ജഗ്ഗ് നിറയെ പുഴവെള്ളം കൊണ്ടുവന്നു നിജയൻ. അത് സിബിയും ശിവകുമാറും മാറി മാറി ചുമന്നു. വിജയൻ അരിയും കലവും മറ്റും. എന്റെ ചുമലിൽ ക്യാമറയും വസ്ത്രങ്ങളും. വശീകപാറയിലേക്കുള്ള കയറ്റം കയറുകയാണ് ഞങ്ങൾ.
സൂര്യൻ കത്തിജ്വലിക്കുന്നു. വഴിയിൽ ഒറ്റപ്പെട്ട ചില വൃക്ഷങ്ങൾ. അതിന്റെ നിഴലുകലിൽ ഒതുങ്ങിനിന്ന് ഇടക്കിടെ വിയർപ്പാറ്റിയും കിതപ്പടക്കിയും പത്തു മണിയോടെ ഞങ്ങൾ വശീകപ്പാറയിലെ കുടിലിൽ എത്തി. താഴ്വരയിലേക്കു നോക്കുമ്പോൾ ഒറ്റ ജീവിയെപ്പോലും കാണുന്നില്ല. കൊടുംചൂടിൽ നിന്നും അവയൊക്കെ നിഴലുകളിൽ അഭയം തേടിയിരിക്കാം. കുടിൽ തുറന്ന് മറ്റൊരു ഇരുപത് ലറ്ററിന്റെ ജഗ്ഗ് എടുത്ത് വിജയനും ശിവകുമാറും വെള്ളംത്തേടി പുറപ്പെട്ടു.
നട്ടുച്ച. അടുപ്പിൽ അരി തിളക്കുന്നു. രണ്ട് ഗ്ലാസ്സ് കഞ്ഞിവെള്ളം ഉപ്പിട്ടു കുടിച്ചപ്പോൾ ക്ഷീണമെല്ലാം പമ്പകടന്നു. കുടിലിന്റെ ചാണകം മെഴുകിയ വരാന്തയിൽ മലർന്നു കിടന്നു. ഹാ., ഇതാണ് പരമാനന്ദം.
ജഗ്ഗുനിറയെ വെള്ളവുമായി ശിവകുമാറും വിജയനും മടങ്ങിയെത്തി; യുദ്ധം ജയിച്ചു വരുന്ന വീരയോദ്ധാക്കളെപ്പോലെ. പക്ഷെ, ഈ ശുദ്ധ ജലത്തിന്റെ നിറം മഞ്ഞയായിരുന്നു.
വെയിൽ ചായുകയാണ്. പപ്പടം ചുട്ടതും കൂടി സമൃദ്ധമായി കഞ്ഞുകുടിച്ച ഞങ്ങൾ ചെറുതായി ഒന്നു മയങ്ങിപ്പോയി. അഞ്ചു മണി കഴിഞ്ഞു കാണും. വിജയൻ തട്ടിയുണർത്തി. അയാൾ താഴ്വരയിൽ ഒരു വെള്ളപ്പോത്തിനെകണ്ടിരുന്നു. രണ്ടു ദിവസം മുമ്പ് അയാൾ രണ്ടെണ്ണത്തിനെകണ്ടത് ഇതേ താഴ്വരയിലാണ്. ബൈനോക്കുലറിലൂടെ ഞങ്ങളതിനെവ്യക്തമായി കണ്ടു. പൂർണ്ണവളർച്ചയെത്തിയ ഒന്നുല്ല. ഞാനും വിജയനും താഴേക്കിറങ്ങുവാൻ തയ്യാറായി. ക്യാമറ ബാഗ് ചുമലിൽ തൂക്കി. 300 എം. എം. സ്റ്റെബിലൗസർ ലെൻസ് ക്യാമറിയിൽ ഫിറ്റുചെയ്തു. ജാക്കറ്റിൽ ഫിലിം റോളുകൾ എടുത്തിട്ടു. രണ്ട് ഗ്ലാസ്സ് വെള്ളവും കുടിച്ച് ഇറങ്ങി നടന്നപ്പോൾ പിന്നിൽ സിബിയും ശിവകുമാറും വിജയാശംസകൾ നേരുന്നതൊന്നും ഞാൻ ശ്രദ്ധിച്ചില്ല.
ഇറക്കമെന്നു പറഞ്ഞാൽ ഇതാണ് ഇരക്കം. കുത്തനെയുള്ള ആ ഇറക്കത്തിൽ വെള്ള ചാമ്പലുപോലെ ഞങ്ങൾ രണ്ടുപേർ ചാഞ്ഞിറങ്ങിക്കൊണ്ടിരുന്നു. താഴ്വര എത്തുമ്പോഴേക്കും സൂര്യൻ മറഞ്ഞു തുടങ്ങിയിരുന്നു, ഒരു പുളി മരത്തിന്റെ വശത്തു കൂടി നിരങ്ങിയിറങ്ങിയ ഞങ്ങൾ ഒരു നീർച്ചാലിനരുകിലെത്തി. ഒരു തുള്ളി വെള്ളമില്ലാത്തച്ചാല്, പക്ഷെ, ജലത്തിന്റെ വിദൂരമായ ഓർമ്മപോലെ അവിടെ നനവുണ്ടായിരുന്നു. അതിൽ കുളമ്പു പാടുകൾ പതിഞ്ഞു കിടന്നിരുന്നു. കേശകിളവൻ ഓട' എന്നാണ് ഈ നീർച്ചാലിന്റെ പേര്. ഒരു വളവു തിരിഞ്ഞതും ഒരു കീരി വെപ്രാളപ്പെട്ടു കടന്നുപോയി. കുറച്ചുദൂരം ആ ചാലിലൂടെ നടന്നിട്ട് ഞങ്ങൾ കരയ്ക്കുകയറി. പരിചയം പുതുക്കാനെന്നവണ്ണം മുൾചെടികൾ പിന്നിൽ നിന്നും പിടിച്ചുവലിച്ചു കൊണ്ടിരുന്നു. കാട്ടുപോത്തുകൾ സമീപത്തെവിടെയോ ഉണ്ടെന്ന് ഞങ്ങൾക്കു തോന്നി.
മുകലിൽ നിന്നും ഞങ്ങൾ കണ്ടുവച്ച അടയാളമരം നിറഞ്ഞു ബദ്ധപ്പെട്ടു. മുകളിലേക്കു നോക്കിയപ്പോൾ വശീകപ്പാറയിലെ കുടിലും സിബിയും ശിവകുമാറുമൊക്കെ കറുത്ത പൊട്ടുകളായി കണ്ടു. വശീകപ്പാറക്കു പിന്നിൽ സൂര്യൻ മറയുകയാണ്. ഞങ്ങൾ തിരക്കിട്ടു മുന്നോട്ട് നീങ്ങുന്നതിനിടയിൽ പെട്ടെന്ന് സ്തബ്ധരായി നന്നു; വെള്ളക്കാട്ടുപോത്ത്.
ഞങ്ങളുടെ വഴി തടഞ്ഞ്, അത് പുറം തിരിഞ്ഞു നില്ക്കുകയാണ്. ഏതൊ കുറ്റിമരത്തിന്റെ ഇല തിന്നുന്ന തിരക്കിൽ അത് ഞങ്ങളുടെ സാന്നിദ്ധ്യമറിഞ്ഞിട്ടില്ല. കൂട്ടത്തിലെ മൂന്നു പോത്തുക്കൾ കുറച്ചപ്പുറം മേയുന്നുണ്ട്. ഞാൻ വിജയനെഅവിടെ ഒരു കുറ്റിച്ചെടിയുടെ മറവിൽ ഇരുത്തി, എന്നിട്ട് തനിയെ മുട്ടുകാലിൽ കൈകൾ തറയിൽ കുത്തി മുന്നോട്ടിഴഞ്ഞു. പെട്ടെന്ന് വെള്ളപ്പോത്ത് എന്തൊ സംശയത്താൽ തിരിഞ്ഞുനോക്കി നില്പായി. ഞാൻ തറയിൽ അനങ്ങനെകൂനികൂടിയിരുന്നു. അത് വീണ്ടും തല തിരിച്ചു തീറ്റ ആരംഭിച്ചപ്പോൾ ഞാനതിനരുകിലേക്ക് ഇഴഞ്ഞു തുടങ്ങി. ഒരുവിധം ഒരു വൃക്ഷചോട്ടിൽ ചാരി ഇരുപ്പുറപ്പിച്ചു. വീണ്ടും വെള്ളപ്പോക്ക് എന്നെ നോക്കിനില്പായി. ഇടതുകാൽമുട്ടിൽ വല്ലാത്ത വേദനതോന്നുന്നു. പതുക്കെ തടവി നോക്കിയപ്പോൾ വലിയൊരു മുള്ള് തറഞ്ഞു കയറി ഇരുപ്പുണ്ട്. പതുക്കെ അതു വലിച്ചൂരി. ഈ സമയമെല്ലാം എന്റെ ദൃഷ്ടി ആ വെള്ളപ്പോത്തിനു നേരെ തന്നെയായിരുന്നു. പിന്നെ ഞാൻ പതുക്കെ ഒരു സപ്പോട്ടിലെന്നപ്പോലെ മുട്ടുകാലിൽ വച്ചു. വെള്ളപ്പോത്ത് എന്നെ ഗൗനിക്കാതെ തീറ്റ തുടർന്നു. ഞാൻ കുറച്ചു ചിത്രങ്ങൾ എടുത്തു. പെട്ടെന്ന് എന്റെ തലക്കു മുകളിൽ ഒരു ചിറകടിയും ബഹളവും ഞാൻ തല ഉയർത്തിനോക്കി. ഒരു മയിൽ. അതിന്റെ ചേക്കേറുന്ന വൃക്ഷചോട്ടിലാണ് എന്റെ ഇരുപ്പ്. വെള്ളപ്പോത്ത് ഇപ്പോൾ എന്നെ തിരിച്ചറിഞ്ഞു. അത് കൗതുകത്തോടെ മുന്നോട്ട് വന്നു. എന്റെ വേഷം, രൂപം എല്ലാം അതിനെമറ്റൊ ജീവിയായി തോന്നികാണും. ഞാൻ വീണ്ടും ലെൻസിലൂടെ നോക്കി.

തുടരും...